ഉത്തരം

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറുടെ ആഫീസിന്റെയും കചാർട്ടേഴ്സിന്റെയും നിർമ്മാണത്തിന് പട്ടം പാലസ് കോംപൗണ്ടിൽ നിന്നും മൂന്നു ഹെക്ടറും മൂന്ന് ആറും അൻപത് സ്ക്വയർ മീറ്ററും (3-03-50) സ്ഥലം വിലക്ക് എടുത്ത് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്.

കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷൻ

498 (721) ശ്രീ. വി. കെ. രാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ എത്ര ജോലിക്കാർ ഉണ്ട് ;

(ബി) അതിൽ ഡെപ്യൂട്ടേഷനിൽ വന്നവർ എത്ര ;

(സി) കോർപ്പറേഷൻ നേരിട്ട് നിയമിച്ചവർ എത്ര?

ഉത്തരം

(എ) 120 പേർ.

(ബി) പെൻഷൻ പറ്റിയശേഷം പുനർ നിയമനം നടത്തിയ 3 പേരുൾപ്പെടെ ആകെ 100 പേർ.

(സി) 20 പേർ.

ടാറിന്റെ ദൗർലഭ്യം

499 (723) ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ടാർ കിട്ടാത്തതുമൂലം കേരളത്തിലെ റോഡുകൾ നന്നാക്കുന്നതിന് സാധിക്കുന്നില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ടാർ കിട്ടുന്നതിന് ഇന്നുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(സി) ഈ തടസ്സം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു?

ഉത്തരം

(എ) വേണ്ടത്ര ടാർ യഥാസമയം കിട്ടാത്തതുമൂലം റോഡുകൾ നന്നാക്കുന്നതിനുള്ള നടപടികൾ ഉദ്ദേശിച്ചവിധം പുരോഗമിച്ചിട്ടില്ല എന്ന് അറിവായിട്ടുണ്ട്.

(ബി) വിതരണം നടത്തുന്ന ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ബോംബെ; ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ, മദ്രാസ് എന്നീ കമ്പനികളിൽ നിന്നും വേണ്ടത്ര ടാർ കിട്ടാൻ കാലതാമസമുണ്ട്. ഈയിടെ ഇറാനിലുണ്ടായ അസ്വാസ്ഥ്യം നിമിത്തം ക്രൂഡ് ഓയിൽ കിട്ടുന്നതിലുള്ള ബുദ്ധിമുട്ടു കാരണം ഉൽപ്പാദനത്തിലുള്ള കുറവ് റെയിൽവേ വാഗൺ കിട്ടാനുള്ള ബുദ്ധിമുട്ട് ഇവയാണ് ടാർ കിട്ടുവാനുള്ള കാലതാമസത്തിന് കാരണമെന്ന് പ്രസ്തുത കോർപ്പറേഷനുകൾ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly